(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.ഐ.ഡി.കെ.9/103/2016

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം
തൊടുപുഴ, തിയതി:27.01.2017
Ph:04862-227332
e-mail:doidk.ksad@kerala.gov.in

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ്,
വണ്ടൻമേട് ഗ്രാമ പഞ്ചായത്ത്.
(സെക്രട്ടറി മുഖേന)

സർ,

വിഷയം :-വണ്ടൻമേട് ഗ്രാമ പഞ്ചായത്ത്-2015-16- സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്-പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം, വകുപ്പ്, 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വണ്ടൻമേട് ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമാ യിട്ടുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പേർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരളാ പഞ്ചായത്ത് രാജ്-പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടുമാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേയ്ക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ (15)1, ചട്ടം 20,23, 1997-ലെ കേരളാ പഞ്ചായത്ത് രാജ് – പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1),(2) എന്നിവ കാണുക) .

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ.

<u>പകർപ്പ്,</u>
1.ഡയറക്ടർ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി ,തൊടുപുഴ.
3.കാര്യാലയ പ്രതി.

നം.കെ.എസ്.എ.ഐ.ഡി.കെ.9/103/2016

തിയതി:27.01.2017

# ഇടുക്കി ജില്ലയിലെ വണ്ടൻമേട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ ധനകാര്യ പത്രികയിൻമേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994-ലെ കേരളാ പഞ്ചായത്ത് നിയമം വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13,1996 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).

ഇടുക്കി ജില്ലയിലെ വണ്ടൻമേട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 08.03.2016 മുതൽ 17.01.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് , അവയുടെ ഒടുക്ക്, വിവിധ

അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 4 അന്വേഷണകുറിപ്പ് നൽകിയതിൽ നാലിനും മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണകുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യതൊരു ഉത്തരവാദിത്തവുമില്ല.

(എ). ഓഡിറ്റ് നടത്തിയതിന്റെ വിവരം.

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.എം.വി.സിനി. | ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18.1.2017 മുതൽ 25.1.2017 വരെ | |
| ഓഡിറ്റ്നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.കെ.കെ.വിനോദ് | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ.ജോഷി.സി.ജെ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.എബി എബ്രാഹം | സീനിയർ. ഗ്രേ.ഓഡിറ്റർ |
| | ശ്രീ.ബിനുമോൻ .കെ.സി | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ.

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീ.റെജി ജോണി | 1.4.2015 മുതൽ 31.10.15 വരെ |
| | ഭരണ നിർവ്വഹണ സമിതി | 1.11.2015 മുതൽ 11.11.15 വരെ |
| | ശ്രീമതി.ജാൻസി റെജി | 12.11.2015 മുതൽ 31.3.2016 വരെ |
| സെക്രട്ടറി | ശ്രീ.അജിത്കുമാർ.വി.ആർ. | 1.4.2015 മുതൽ 31.3.2016 വരെ |
| അസി.സെക്രട്ടറി | ശ്രീ. അജി.കെ. തോമസ് | 1.4.2015 മുതൽ 31.3.2016 വരെ |
| അസി. എഞ്ചിനിയർ | ശ്രീ.അരുൺകുമാർ .വി | 1.4.2015 മുതൽ 31.3.2016 വരെ |
| കൃഷി ഓഫീസർ | ശ്രീ.സിബി സെബാസ്റ്റ്യൻ | 1.4.2015 മുതൽ 31.3.2016 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി.ലേഖ .ആർ. | 1.4.2015 മുതൽ 7.8.2015 വരെ |
| | ശ്രീമതി.സാലി.വൈ. | 8.8.2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ(അലോപ്പതി) | ഡോ.ബിജു ഫിലിപ്പ് | 1.4.2015മുതൽ 31.3.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ.തിനകർ | 1.4.2015മുതൽ31.3.2016വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | ഡോ.വീണ | 1.4.2015മുതൽ 31.3.2016 വരെ |
| വി.ഇ.ഒ. | ശ്രീ.ഇസ്മായിൽ റാവുത്തർ.ഇ.എച്ച്. | 1.4.2015 മുതൽ31.3.2016 വരെ |

ഉള്ളടക്കം.

| ക്രമ നം | ഖണ്ഡിക നം. | ഖണ്ഡിക |
|---|---|---|

| | | |
|---|---|---|
| 1 | 1-1 | ബജറ്റ്. |
| 2 | 1-2 | വാർഷിക ധനകാര്യ പത്രിക. |
| 3 | 1-3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം. |
| 5 | 1-5 | ഫണ്ട് വിനിയോഗം. |
| 6 | 1-6 | പദ്ധതി അവലോകനം. |
| 7 | 1-7 | തനത് വരുമാനം. |
| 8 | 1-8 | ക്ഷേമ പദ്ധതികൾ. |
| 9 | 1-9 | കാഷ് വെരിഫിക്കേഷൻ. |
| 10 | 1-10 | ആഭ്യന്തര നിയന്ത്രണം. |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം. |
| 12 | 1-12 | വാർഷിക കണക്ക് അപാകതകൾ |
| ഭാഗം-2. വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ. | | |
| 13 | 2-1 | തൊഴിൽ നികുതി ഈടാക്കിയില്ല |
| 14 | 2-2 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല. |
| 15 | 2-3 | നികുതി നിർണ്ണയത്തിലെ അപാകതമൂലം വസ്തുനികുതിയിൽ കുറവുണ്ടാവുന്നു. |
| 16 | 2-4 | പഞ്ചായത്തിന്റെ അംഗീകാരമില്ലാതെ മദ്യ വില്പന ശാല പ്രവർത്തിക്കുന്നു. |
| ഭാഗം-3 .ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 17 | 3-1 | ദർഘാസ് പരസ്യം ക്രോഡീകരിച്ച് നൽകിയില്ല-ഒഴിവാക്കാമായിരുന്ന ചെലവ്- ₹9200 /- |
| 18 | 3-2 | ബിറ്റുമിന് വില വ്യത്യാസം ഈടാക്കിയില്ല നഷ്ടം ₹8253/- |
| 19 | 3-3 | അർദ്ധവേതനാവധി കാലയളവിൽ മുഴുവൻ വേതനം നൽകിയത് |
| 20 | 3-4 | റോഡ് കോൺക്രീറ്റിന് അധിക തുക നൽകി-₹24,119/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. |
| 21 | 3-5 | മീഡിയാശ്രീയ്ക്ക് തുക നൽകിയത് –വിനിയോഗ വിവരം ലഭ്യമല്ലാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു. |
| 22 | 3-6 | മുൻകൂർ ശമ്പളം തിരികെ ഈടാക്കിയില്ല. |
| ഭാഗം-4-പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 23 | 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം. |
| 24 | 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ. |
| 25 | 4-3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ. |
| 26 | 4-4 | വായ്പ /വായ്പാ തിരിച്ചടവ്. |
| 27 | 4-5 | സ്ഥിര നിക്ഷേപങ്ങൾ. |
| 28 | 4-6 | ഓഡിറ്റ് റിക്കവറി. |
| 29 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |

| | | |
|---|---|---|
| 30 | 4-8 | ഓഡിറ്റ് പ്രത്യവലോകനം. |
| 31 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം . | | |
| | അനുബന്ധം1 | ഓഡിറ്റ് സർട്ടിഫിക്കറ്റ്. |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്.

2015-16 വർഷത്തെ ബജറ്റ് 25.3.2015 തിയതിയിലെ ഒന്നാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യ പത്രിക.

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയതി | അപാകത പരിഹരിച്ച് ലഭിച്ച തിയതി |
|---|---|---|---|
| 31.7.2016 | 1.6.2016 | - | - |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം -1-ആയി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 1,98,35,863 |
| വരവ് | 5,74,56,714 |
| ആകെ | 7,72,92,577 |
| ചെലവ് | 7,03,63,220 |
| നീക്കിയിരിപ്പ് | 69,29,357 |

## 1-5 ഫണ്ട് വിനിയോഗം.

(എ.സി.ആർ.പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 1451883 | 21558234 | 23010117 | 15848227 | 69 |
| വികസന ഫണ്ട് എസ്.സി.പി | 1529150 | 7089000 | 8618150 | 6855350 | 79 |
| വികസന ഫണ്ട് ടി.എസ്.പി | 363612 | 1618612 | 1982224 | 1286049 | 65 |
| സംരക്ഷണ ഗ്രാന്റ് -റോഡ് | 158445 | 6215000 | 6373445 | 5784894 | 90 |
| സംരക്ഷണ ഗ്രാന്റ് -നോൺറോഡ് | 1428195 | 4875000 | 6303195 | 4714120 | 75 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1422370 | 6464702 | 7887072 | 7886366 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 5018876 | 0 | 5018876 | 1995798 | 40 |

| | | | | | |
|---|---|---|---|---|---|
| തൊഴിലുറപ്പ് പദ്ധതി | 4581 | 3829711 | 3834292 | 3833942 | 100 |
| ബി.ഫണ്ട് | | 14876510 | 14876510 | 14876510 | |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കിയതിന്റെ വിവരംചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗീകമായി നടപ്പാക്കിയവ (എണ്ണം) | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 222 | 8,38,24,394 | 188 | 5,12,86,071 | 0 | 34 | 61 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ ഈ സാമ്പത്തിക വർഷത്തിൽ സ്ഥാപനത്തിന് തനത് വരുമാനത്തിൽ 11 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 60,35,415 | 69,55,121 | 9,19,706 | 15 |
| നികുതിയേതര വരവുകൾ | 3,06,401 | 8,17,035 | 5,10,634 | 166 |
| മറ്റുവരവുകൾ | 7,51,387 | 1,02,078 | (-)6,49,309 | (-)86 |
| ആകെ | 70,93,203 | 78,74,234 | 7,81,031 | 11 |

## 1-8 ക്ഷേമ പദ്ധതികൾ.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 21,360 | 11 |
| കർഷകതൊഴിലാളി പെൻഷൻ | 866400 | 149 |
| വിധവ പെൻഷൻ | 6874400 | 953 |
| വാർദ്ധക്യകാല പെൻഷൻ | 5127000 | 1150 |
| വികലാംഗ പെൻഷൻ | 1857200 | 238 |
| അവിവാഹിതകളായ സ്ത്രീകൾക്കുള്ള പെൻഷൻ | 39200 | 6 |

## 1-9 കാഷ് വെരിഫിക്കേഷൻ.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള കാഷ് ബാലൻസ് പരിശോധന.19.1.2017-ൽ സ്ഥാപനതലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹2584/-യുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം.

സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. നികുതി പിരിവ്, രജിസ്റ്ററുകളുടെ പരിപാലനം, പദ്ധതി നടത്തിപ്പ് എന്നിവയിൽ വീഴ്ചകളുണ്ടായിട്ടുണ്ട്. വസ്തുനികുതിയിനത്തിൽ 61 ലക്ഷത്തിലധികം രൂപ

പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നതായി ബാലൻസ് ഷീറ്റിൽ കാണുന്നു. ആസ്തി രജിസ്റ്റർ, വസ്തു നികുതി രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, എന്നിവ യഥാവിധി പരിപാലിച്ചിട്ടില്ല. സ്ഥാപനത്തിൽ സ്ഥിര ഉപയോഗത്തിന് സൂക്ഷിച്ചിട്ടുള്ള ഫർണിച്ചർ അടക്കമുള്ള വസ്തുക്കളുടെ വിവരം രേഖപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ ഇല്ലാത്തതിനാൽ തന്നെ സെക്രട്ടറിമാരുടെ സ്ഥലംമാറ്റ സമയത്ത് സ്റ്റോക്ക് കൈമാറൽ നടത്തിവരുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയതിന്റെ വിവരം | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06.12.2016 | 11/2016 വരെ | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറൽ | 28.04.2014 മുതൽ 30.04.2014 വരെ | 2013-14 വരെ | 04.06.2014 |

## 1-12 വാർഷിക കണക്കിലെ അപാകത.

നാളിതുവരെ സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ മൂല്യം കണക്കാക്കി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി ഈടാക്കിയില്ല.

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2015-16 വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമനമ്പർ | സ്ഥാപനം |
|---|---|
| 1 | സൗത്ത് ഇന്ത്യൻ ഗ്രീൻ കാർഡമം കമ്പനി |
| 2 | കാർഡമം പ്ളാന്റേഴ്സ് മാർക്കറ്റിംഗ് കോ.ഓ. സൊസൈറ്റി |
| 3 | സ്പൈസസ് ബോർഡ് |
| 4 | കെ.എസ്.ഇ.ബി വണ്ടൻമേട് |
| 5 | മാവേലി സ്റ്റോർ |

ക്രമ നമ്പർ 1, 2 സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ രണ്ടാം അർദ്ധവർഷ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. നികുതികൾ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല

മൊബൈൽ ടവറുകളുടെ വസ്തു നികുതി 500/-രൂപയായി പഞ്ചായത്തിൽ നിജപ്പെടുത്തിയിട്ടുണ്ടെങ്കിലും മൊബൈൽ ടവറുകളുടെ

എണ്ണം, ഉടമസ്ഥത എന്നിവ സംബന്ധിച്ച രജിസ്റ്ററുകൾ പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിക്കുകയോ വസ്തു നികുതി അസസ്മെന്റ് നടത്തുകയോ ഡിമാന്റ് ചെയ്യുകയോ ചെയ്യാത്തതുമൂലം മൊബൈൽ ടവറുകളുടെ വസ്തു നികുതി നഷ്ടമാകുന്നു. ആയതിനാൽ പഞ്ചായത്തിലെ മുഴുവൻ മൊബൈൽ ടവറുകളുടേയും വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 വസ്തു നികുതി നിർണ്ണയത്തിലെ അപാകത- തനതു വരുമാനം നഷ്ടമാവുന്നു

വാണിജ്യാവശ്യത്തിനായി പെർമിറ്റ് എടുത്ത് നിർമ്മിച്ചിരിക്കുന്ന 100 m2-ന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 52/-രൂപയാണ് വസ്തുനികുതിയായി ചുമത്തുന്നത്. എന്നാൽ ഇപ്രകാരം നിർമ്മിച്ചിരിക്കുന്ന കെട്ടിടങ്ങളുടെ ഉടമകൾ നിർമ്മാണശേഷം കെട്ടിടങ്ങളിലെ ഓരോ മുറികൾക്കും പ്രത്യേകം നമ്പർ ആവശ്യപ്പെടുന്ന സാഹചര്യം ആണ് നിലവിലുള്ളത്. ഇപ്രകാരം നമ്പർ നല്കുമ്പോൾ മുറികളുടെ വിസ്തൃതിയ്ക്ക് അനുസൃതമായി നികുതിയുടെ സ്ലാബ് കുറയ്ക്കുകയാണ് ചെയ്യുന്നത്. ഇങ്ങനെ ചെയ്യുമ്പോൾ നികുതി 100എം$^2$ന് താഴെയുള്ള വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതിയായ ചതുരശ്രമീറ്ററിന് 38/-രൂപയിലേയ്ക്ക് താഴുന്നു. തന്മൂലം പഞ്ചായത്തിന് ഭീമമായ വരുമാന നഷ്ടം ഉണ്ടാവുന്ന ഉദാഹരണം താഴെ കൊടുക്കുന്നു.

| പേര് | വാർഡ്-കെട്ടിട നമ്പർ | വിസ്തീർണ്ണം (m2) | ഈടാക്കിയ നികുതി | ആകെ വിസ്തീർണ്ണം | ഈടാക്കാവുന്ന നികുതി (52/m2) |
|---|---|---|---|---|---|
| കെ.എ. പ്രഭാകരൻ, കുമ്പളന്താനം | 6/175A | 12 | 749 | 180m2 | 9360 |
| | 6/175B | 12 | 548 | | |
| | 6/175C | 12 | 502 | | |
| | 175D | 12 | 548 | | |
| | 175E | 24 | 1095 | | |
| | 175F | 24 | 1095 | | |
| | 176G | 24 | 1095 | | |
| | 175H | 24 | 1095 | | |
| | 175I | 18 | 753 | | |
| | 175J | 18 | 753 | | |
| ആകെ | | 180 | 8233 | 180 | 9360 |

ഒരു വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തെ ഒന്നായി കണ്ട് വസ്തു നികുതി ചുമത്തേണ്ടതിനു പകരം കെട്ടിടത്തെ പല മുറികളായി വിഭജിച്ച് വസ്തുനികുതി ചുമത്തിയപ്പോൾ 1,127/-രൂപയുടെ നഷ്ടം പഞ്ചായത്തിന് ഉണ്ടായിട്ടുണ്ട്. ഇപ്രകാരം പല കെട്ടിടങ്ങൾ പഞ്ചായത്തിൽ ഉള്ളതിനാൽ തനതു വരുമാനത്തിൽ ഗണ്യമായ നഷ്ടം ഉണ്ടാവുന്നു. ഇക്കാര്യത്തിൽ സത്വര ശ്രദ്ധ ഉണ്ടാവേണ്ടതാണ്. കൂടാതെ, വസ്തുനികുതി കുടിശ്ശിക ഇനത്തിൽ ₹2268791/-യും 2015-16ൽ മാത്രം ₹3836531/-യും കുടിശ്ശികയുണ്ട്. ഓഡിറ്റ് വർഷത്തിൽ വസ്തുനികുതി ഇനത്തിൽ 49.5% മാത്രമാണ് പിരിച്ചെടുക്കുവാൻ സാധിച്ചിട്ടുള്ളത്. വസ്തുനികുതി കുടിശ്ശിക കാലഹരണപ്പെട്ടുപോകാതെ പിരിച്ചെടുക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 പഞ്ചായത്തിന്റെ അംഗീകാരമില്ലാതെ വിദേശമദ്യ വില്പനശാല പ്രവർത്തിക്കുന്നു

കേരള പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 232(1) പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ അപകടമോ അസഹ്യതയോ

ഉണ്ടാകുവാൻ സാധ്യതയുള്ള എന്തെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നല്കുന്ന ലൈസൻസ് ഇല്ലാതെ പഞ്ചായത്തിലെ ഒരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല. എന്നാൽ പഞ്ചായത്തിന്റെ പരിധിയിൽ നെറ്റിത്തൊഴുവിൽ പ്രവർത്തിക്കുന്ന വിദേശമദ്യ വില്പനശാല നിയമപ്രകാരമുള്ള ലൈസൻസ് എടുക്കാതെയും നികുതികൾ ഒടുക്കാതെയുമാണ് പ്രവർത്തിക്കുന്നത്. ലൈസൻസ് എടുക്കാതെ മറ്റ് സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട് എന്നതിന് ഇത് തെളിവാണ്. ആയതിനാൽ ഇക്കാര്യത്തിൽ ഭരണസമതിയുടെ സത്വര ശ്രദ്ധ ഉണ്ടാവേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ദർഘാസ് പരസ്യം ക്രോഡീകരിച്ച് നൽകിയില്ല- ഒഴിവാക്കാമായിരുന്ന ചെലവ്- ₹9200/-

| | |
|---|---|
| പ്രോജക്റ്റ് നം. | 0008/16 |
| പ്രോജക്റ്റ് പേര് | പദ്ധതി രൂപീകരണവും മോണിറ്ററിംങ്ങും. |
| പ്രോജക്റ്റ് തുക | ₹300000/- |
| നിർവ്വഹണോദ്യഗസ്ഥൻ | സെക്രട്ടറി |

മേൽ സൂചിപ്പിച്ച പ്രോജക്റ്റ് പ്രകാരം 17/01/2016ൽ ഇന്ത്യൻ എക്സ് പ്രസ്, മാതൃഭൂമി എന്നീ പത്രങ്ങളിൽ അസി.എഞ്ചിനീയർ നടപ്പാക്കുന്ന പദ്ധതികളുടെ രണ്ട് വീതം വിൻഡോ പരസ്യങ്ങൾ നൽകിയിട്ടുണ്ട്. ഇതിലേയ്ക്കായി ₹9600/- (4800*2, ഡി.ഡി നം.107111/19-02-2016),₹8800/-(4400*2,ഡി.ഡി.നം.107110/19-02-2016, 107114/24-02-2016) എന്നിങ്ങനെ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പൊതുഭരണ (ഇൻഫർമേഷൻ& പബ്ളിക്റിലേഷൻസ്-ഡി) വകുപ്പ് പുറപ്പെടുവിച്ച സ.ഉ (പ്രിൻറ്) 01/04/ഐ&പി ആർ, തി.01-01-2014 ലെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ഈ രണ്ട് വിൻഡോ പരസ്യങ്ങളിലെയും വിവരങ്ങൾ ക്രോഡീകരിച്ച് നൽകിയിരുന്നെങ്കിൽ ഈ രണ്ടു പരസ്യങ്ങളും ഒരൊറ്റ പരസ്യമായി തന്നെ പ്രസിദ്ധീകരിയ്ക്കാമായിരുന്നു. അതിലൂടെ 2 പത്രങ്ങളിലുമായി ഒരേ ദിവസം തന്നെ നൽകിയ ഓരോ പരസ്യങ്ങളുടെ ചെലവ് ഒഴിവാക്കാമായിരുന്നു.

മേൽ സൂചിപ്പിച്ച കാരണങ്ങളാൽ ഇന്ത്യൻ ഏക്സ്പ്രസ്, മാതൃഭൂമി എന്നീ പത്രങ്ങളിൽ ഒരേ ദിവസം തന്നെ നൽകിയ ഒന്ന് വീതം പരസ്യങ്ങളുടെ ചെലവ് തുക ₹9200/- (4800+4400) ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

### 3-2 ബിറ്റുമിൻ വിലവ്യത്യാസം ഈടാക്കിയില്ല. നഷ്ടം ₹8253/-

| | |
|---|---|
| പ്രോജക്റ്റ് . | കോങ്കല്ലുമേട്-തിരുവല്ലപ്പടി ടാറിംഗ് (MLA-SDF,2014-15) |
| പ്രോജക്റ്റ് തുക | ₹400000/- |
| കൺവീനർ | റോയി ജോസഫ്, വലിയപറമ്പിൽ, പുറ്റടി. |
| ചെക്ക് നം./തിയതി | 393747/19-11-2015. |

എം.എൽ.എ. ഫണ്ടുപയോഗിച്ച് നിർവ്വഹണം നടത്തിയ മേൽ പ്രോജക്റ്റ് പ്രകാരം നടത്തിയ ടാറിംഗ് പ്രവർത്തികൾക്ക് BPCL കൊച്ചിയിൽ നിന്ന് ബിറ്റുമിൻ വാങ്ങിയിട്ടുണ്ട്. ഇതിന് എല്ലാ നികുതികളും ഉൾപ്പെടെ ഒരു കിലോഗ്രാമിന് ₹39.79/-. എന്നാൽ എസ്റ്റിമേറ്റ് അനുസരിച്ച് ടാറിംഗ് പ്രവൃത്തികൾക്ക് ബിറ്റുമിന് ഒരു കിലോഗ്രാമിന് ₹44.05/- നിരക്കാണ് നൽകിയിട്ടുള്ളത്. ഈ വിലവ്യത്യാസം ബില്ലിൽ നിന്നും കുറയ്ക്കാതെയാണ് ഫൈനൽ ബിൽ തയ്യാറാക്കിയിരിയ്ക്കുന്നത്. നിരക്കിലെ ഈ വ്യത്യാസം മൂലം സർക്കാരിന് ₹8253/- നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| നം. | വൗച്ചർ | എം.ബുക്ക് | എസ്റ്റിമേറ്റ് ഇനം | ആവശ്യമായ ബിറ്റുമിന്റെ | നൽകിയ വില. | നൽകേണ്ട വില. | അധികം |
|---|---|---|---|---|---|---|---|

| | നം.തിയതി. | നം. | 8 പ്രകാരം ടാറിംഗ് വർക്കിന്റെ വിസ്തീർണ്ണം(എം2) | അളവ്. (29.10kg/10m2നിരക്കിൽ) | (44.05/kgഎന്ന നിരക്കിൽ) | (39.79/kgഎന്ന നിരക്കിൽ) | നൽകിയത് |
|---|---|---|---|---|---|---|---|
| | 21500612 19/11/2015 | 6/14-15 | 665.76 | 1937.36 kg | 85341 | 77088 | 8253 |
| ആകെ | | | | | | | 8253 |

## 3-3 അർദ്ധവേതനാവധി കാലയളവിൽ മുഴുവൻ വേതനം നൽകിയത്

ശ്രീ. റോജേഴ്സ് തോമസ്, ക്ലർക്ക് 04.05.2015 മുതൽ 03/06/2015 വരെ അർദ്ധവേതനാവധിയിൽ ആയിരുന്നു. എന്നാൽ 06/2015-ലെ ശമ്പളം നല്കിയപ്പോൾ അർദ്ധവേതനാവധി കാലയളവിലും മുഴുവൻ വേതനവും നൽകിയതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| വൗച്ചർ നം. | തിയതി | നൽകിയ ശമ്പളം. | നൽകേണ്ട ശമ്പളം. | കൂടുതൽ നൽകിയത് (₹) |
|---|---|---|---|---|
| 21500251 | 01/07/15 | Pay -12220<br>DA - 9776<br>HRA - 250<br>HTA - 260<br>PCA - 90 | Pay - 11609<br>DA - 9776<br>HRA- 250<br>HTA- 260<br>PCA- 90 | Pay- 611 |
| ആകെ | | 22596 | 21985 | 611 |

മേൽ സൂചിപ്പിച്ച പ്രകാരം കൂടുതൽ നൽകിയ തുക ₹611/-തിരികെ ഈടാക്കേണ്ടതാണ്.

## 3-4 റോഡ് കോൺക്രീറ്റിന് അധിക തുക നൽകി-₹24,119/-യുടെ ചെലവ് നിരാകരിക്കുന്നു.

കോൺക്രീറ്റ് റോഡ് നിർമാണത്തിൽ 1:4:8 അനുപാതത്തിലുള്ള സബ് ബേസ് കോൺക്രീറ്റിംഗിന് മുകളിൽ 1:2:4 അനുപാതത്തിലുള്ള കോൺക്രീറ്റിംഗ് നടത്തുന്നതിന് ഡി.എസ്.ആർ. ഇനം 4.1.3 പ്രകാരം കൺവീനർക്ക് ₹7,062/-എം3 നിരക്കാണ് നൽകേണ്ടത്. എന്നാൽ സി.സി. 1:2:4ന് മുകളിൽ, മിനുക്കുപണി ഉൾപ്പടെയുള്ള ഫ്ലോറിംഗിനായുള്ള ഡി. എസ്.ആർ. ഇനം 11.7 അനുസരിച്ചുള്ള നിരക്കായ ₹7,440.40/എം3 റോഡ് കോൺക്രീറ്റിംഗിന് നൽകിയത് മൂലം ₹24,119/- അധികമായി കൺവീനർമാർക്ക് നൽകിയിട്ടുണ്ട്. അധികമായി നൽകിയ ₹24,119/- കൺവീനർമാരിൽ നിന്നോ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എൻജിനീയർ, എസ്റ്റിമേറ്റ് അംഗീകരിച്ച അസി.എക്സി.എൻജിനീയർ എന്നിവരിൽ നിന്ന് തുല്യമായോ ഈടാക്കേണ്ടതാണ്. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നം. | പ്രവർത്തിയുടെ വിവരം/ അടങ്കൽ/കൺവീനറുടെപേര് | എ.ബുക്ക് നം/ബിൽ നം തുക | സി.സി.1.2.4 ചെയ്ത അളവ് എം3 | 7440.40/എം3 നിരക്കിൽ നൽകിയ തുക | 7062 നിരക്കിൽ നൽകാവുന്ന തുക | എ.എസിൽ പരിമിതപ്പെട്ടുത്തുന്നതിന് കുറച്ച തുക | അധികം നൽകിയത് |
|---|---|---|---|---|---|---|---|
| 1 | വെയർഹൗസ് കോളനി റോഡ് കോൺക്രീറ്റിംങ്ങ് 138/16. | 61/15-16<br>72/15-16 തി.29.1.2016<br>1,50,000. | 12.96 | 96422.40 | 91524 | 439 | 4459 |

| | | | | | | | |
|---|---|---|---|---|---|---|---|
| | 1,50,000.<br>ജോണി. | | | | | | |
| 2 | പാറേപ്പടി അമരക്കാട്ട്പടി റോഡ് കോൺക്രീറ്റിംങ്ങ് 121/16. 2,00,000. എബ്രാഹം വർഗീസ്. | 32/15-16<br>108/15-16<br>തി.31.3.2016<br>2,00,000. | 11 | 81840 | 77682 | 1125 | 3033 |
| 3 | മണിയൻപാറ കുറുവാക്കുളം റോഡ് കോൺക്രീറ്റിംങ്ങ് 137/16. 2,00,000. കെ.മണി. | 21/16-16<br>38/15-16തി.17.10.2015<br>2,00,000. | 10.33 | 76855.20 | 72950.46 | 0 | 3904 |
| 4 | ഹെൽത്ത് സെന്റർ റോഡ് കോൺക്രീറ്റിംങ്ങ് 103/16. 3,07,900. ചിന്നദുരൈ. | 49/15-16<br>60/15-16തി.30.12.2015<br>307900. | 17 | 126486.80 | 120054 | 1806 | 4626 |
| 5 | മൈലാടിപ്പടി അമ്പലമേട് റോഡ് കോൺക്രീറ്റിംങ്ങ് 135/16 2,20,000. ജോപ്പൻ ചെട്ടിശ്ശേരി. | 6/15-16<br>16-15-16തി.18.9.2015 | 12.15 | 90396 | 88628 | 0 | 1768 |
| 6 | താഴത്തെവണ്ടൻമേട് ഗണപതിപ്പാറ റോഡ് കോൺക്രീറ്റിംങ്ങ് 140/16. 3,00,000. | 14/15-16<br>22/15-16 തി.18.9.2016<br>3,00,000. | 16.55 | 123205 | 116876 | 0 | 6329 |
| | ആകെ | | | | | | 24119 |

## 3-5 മീഡിയാശ്രീയ്ക്ക് തുക നൽകിയത് -വിനിയോഗ വിവരം ലഭ്യമല്ലാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതി നം. | 217/16 |
| ചെലവ് | 65000/- |
| ഫണ്ട് | തനത് ഫണ്ട് |
| നിർവ്വഹണം | സെക്രട്ടറി |

തദ്ദേശ സ്ഥാപനങ്ങളുടെ ഡോക്യുമെന്റേഷനായി മീഡിയശ്രീ എന്ന പേരിൽ നടപ്പാക്കുന്ന പദ്ധതിയ്ക്കായി ₹65,000/- കുടുംബശ്രീ ഇടുക്കി ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് നൽകിയിട്ടുണ്ട്. (ഡി.ഡി.നമ്പർ.764734.തിയതി.22.2.2016) എന്നാൽ മേൽ തുകയുടെ വിനിയോഗ വിവരങ്ങളോ, ഡോക്യുമെന്ററി പുറത്തിറങ്ങിയ വിവരമോ ലഭ്യമല്ല . ആയതിനാൽ പ്രസ്തുത തുക ₹65000/-യുടെ ചെലവ്

ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 മുൻകൂർ ശമ്പളം തിരികെ ഈടാക്കിയില്ല.

19/08/2015 ൽ ഓണത്തിന് മുൻപായി 08/15 ലെ ശമ്പളം ഏല്ലാ ജീവനക്കാർക്കും മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ 25/08/2015ൽ ഈ പഞ്ചായത്തിൽ നിന്നും വിടുതൽ ചെയ്ത എഫ്.ടി.എസ്. ശ്രീമതി കൃഷ്ണകുമാരി പി.ജി , പഞ്ചായത്തിൽ നിന്ന് മുൻകൂർ കൈപ്പറ്റിയ ശമ്പളത്തിൽ നിന്നും തിരിച്ചടയ്ക്കാനുള്ള 3665/-രൂപ (26/08/2015 മുതൽ 31/08/2015 വരെയുള്ള ശമ്പളം) തിരികെ അടച്ചതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| വൗച്ചർ നം. | തിയതി | നൽകിയ ശമ്പളം. | അർഹമായ ശമ്പളം. | തിരികെ ഈടാക്കേണ്ടത്. ₹. |
|---|---|---|---|---|
| 21500328 | 19/08/2015 | Pay - 9940<br>DA - 8548<br>HRA - 250<br>HTA - 200 | Pay - 8016<br>DA - 6894<br>HRA- 202<br>HTA- 161 | Pay - 1924<br>DA - 1654<br>HRA- 48<br>HTA- 39 |
| ആകെ. | | ₹18938 | ₹15273 | 3665 |

മേൽ സൂചിപ്പിച്ച പ്രകാരം മുൻകൂർ ഇനത്തിൽ കൂടുതൽ നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം.

ഇല്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ.

ഇല്ല.

## 4-3 മൊബലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഇല്ല.

## 4-4 വായ്പ / വായ്പാ തിരിച്ചടവ്.

ഇല്ല.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി.

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹4,760/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക ₹. | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തിയതി |
|---|---|---|---|---|
| 1995-96 | 15 | 1615 | കെ.മോഹനൻ നായർ,മെംബർ | 11511101854/തി.5.10.2015 |

| | | | | |
|---|---|---|---|---|
| 2007.2008 | 3-7 | 2930 | രാജി സന്തോഷ്. മെംബർ | 11511102167/ തി.15.10.2015 |
| 2008-2009 | 3-2 | 170 | പി.ഇന്ദിര ,സെക്രട്ടറി | 11511103159/തി.1.2.2016 |
| 1990-91, 91-92 | 11 | 45 | എം.പി.ശശികമാർ, സെക്രട്ടറി | 11511103224/തി.6.2.2016 |
| ആകെ | | 4760 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3-4 | 2006-07 | 3.35.2 | വൗച്ചറുകൾ/രേഖകൾ ഓഡിറ്റിന് ഹാജരാക്കാത്തത്. | |
| | 3-4 | 200-10 | 2.8 | നിക്ഷേപ വേലകൾ പൂർത്തീകരിക്കാത്തത്. | |
| 2007-08 | 3-9 | 2011-12 | 2.4 | പട്ടിക ജാതി ഭവന നിർമ്മാണത്തിനുള്ള ധനസഹായം ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് നൽകി. | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ അകെ വരവ് | 5,74,56,714 |
| ഓഡിറ്റ് വർഷത്തെ അകെ ചെലവ് | 7,03,63,220 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത ചെലവ് | 33930 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 65000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും, ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർച്ചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 9200 | ശ്രീ.അജിത്കുമാർ. വി.ആർ, സെക്രട്ടറി |
| 3-3 | - | 611 | ശ്രീ.അജിത്കുമാർ. വി.ആർ, സെക്രട്ടറി |
| 3-4 | | 24119 | ₹12059/-ശ്രീ.അരുൺകുമാർ ആർ, അസി.എൻജിനീയർ<br>₹12060/- ശ്രീ.സന്തോഷ് കുമാർ എം.എസ്, അസി.എക്സി.എൻജിനീയർ |
| ആകെ | | 33930 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-5 | 65000 | ശ്രീ.അജിത്കുമാർ. വി ആർ, സെക്രട്ടറി. |
| ആകെ | 65000 | |

(സി). കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഖണ്ഡിക നം. 3-2 - ₹8253/-

(ഡി). നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഖണ്ഡിക.3-3

(ഇ). ഈ റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം. | സ്ഥിരം മേൽവിലാസം |
|---|---|---|
| ആർ.അരുൺകുമാർ,<br>അസി.എഞ്ചിനിയർ. | അസി.എഞ്ചിനിയർ ,വണ്ടൻമേട്<br>ഗ്രാമപഞ്ചായത്ത്. | ശ്രീനിലയം,<br>വെണ്ണിക്കുളം പി.ഒ,<br>വെണ്ണിക്കുളം,<br>പത്തനംതിട്ട-689544 |
| വി.ആർ അജിത്കുമാർ,സെക്രട്ടറി | സെക്രട്ടറി, അയ്യപ്പൻകോവിൽ<br>ഗ്രാമപഞ്ചായത്ത്. | രവീന്ദ്രം<br>ദളവ റോഡ്<br>കുമാരപുരം<br>മെഡിക്കൽ കോളേജ് പി.ഒ<br>തിരുവനന്തപുരം |
| സന്തോഷ് കുമാർ എം.എസ്.<br>അസി.എക്സി.എഞ്ചിനിയർ. | അസി.എക്സി.എഞ്ചിനിയർ,<br>വെഞ്ഞാറമൂട് ബ്ലോക്ക് പഞ്ചായത്ത് | സുവല്യ, ടി.സി. 5/1808(1),<br>പേരൂർക്കട.പി.ഒ,<br>തിരുവനന്തപുരം-695005 |

## **4-9** തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1994-95<br>1995-96 | എൽ.എഫ്.ഐ.-5/480/96/09.12.96 | |
| 1996-97 | എൽ.എഫ്.ഐ.-5/69/98/04.06.98 | |
| 1997-98 | എൽ.എഫ്.ഐ.-6/163/00/06.06.2000 | |
| 1998-99 | എൽ.എഫ്.ഐ.-6/202/00/29.07.2000 | |
| 1999-00 | എൽ.എഫ്.ഐ.-9/562/00/31.07.01 | |
| 2000-01 | എൽ.എഫ്.ഐ.-6/252/03/06.09.03 | |

| | | |
|---|---|---|
| 2001-02 | എൽ.എഫ്.ഐ.-6/281/04/08.10.04 | |
| 2002-03 | എൽ.എഫ്.ഐ.-6/723/04/09.02.05 | |
| 2003-04 | എൽ.എഫ്.ഐ.-8/40/06/02.11.06 | |
| 2004-05 | എൽ.എഫ്.ഐ.-8/1022/06/01.06.07 | |
| 2005-06 | എൽ.എഫ്.ഐ.-9/631/07/03.11.07 | |
| 2006-07 | എൽ.എഫ്.ഐ.-8/884/08/07.03.09 | |
| 2007-08 | എൽ.എഫ്.ഐ.-9/740/12/07.08.12 | |
| 2008-09 | എൽ.എഫ്.ഐ.-9/989/12/10.10.12 | |
| 2009-10 | എൽ.എഫ്.ഐ.-9/721/12/04.05.12 | |
| 2010-11 | എൽ.എഫ്.ഐ.-9/1515/12/11.07.13 | |
| 2011-12 | എൽ.എഫ്.ഐ.-9/940/13/12.06.14 | |
| 2012-13 | എൽ.എഫ്.ഐ.-9/1344/14/15.12.14/ 27.03.15 | |
| 2013-14 | കെ.എസ്.എ-ഐ.ഡി.കെ.-9/919/15/ 02.09.2015 | |
| 2014-15 | കെ.എസ്.എ-ഐ.ഡി.കെ.-9/380/16/ 6.5.2016 | |

ഡെപ്യൂട്ടി ഡയറക്ടർ

ഇടുക്കി

## അനുബന്ധം.1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്.

നം.കെ.എസ്.എ-ഐ.ഡി.കെ-9/103/2017

സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,ഇടുക്കി

തൊടുപുഴ,തീയതി:27.01.2017

Ph:04862-227332

doidk.ksad@kerala.gov.in

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994-ലെ പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംങ്ങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, ഇടുക്കി ജില്ലയിലെ വണ്ടൻമേട് ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വണ്ടൻമേട് ഗ്രാമ പഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ.

No.KSA-IDK.9/103/2017

Kerala State Audit Department
District Audit Office, Idukki
Thodupuzha, Date:27.01.2017
Ph:04862-227332
doidk.ksad@kerala.gov.in

# AUDIT CERTIFICATE.

Certified that I have audited the Annual Financial Statement of Vandanmedu Gramapanchayath in Idukki district for the year ended on 31.3.2016 in accordance with section 4 of the Kerala Local Fund Audit Act 1994, section 215 of the Kerala Panchayath Raj Act 1994 , the rules made there under and the guidelines issued by the Comptroller and And Auditor General of India for the purpose of Audit of Accounts of Panchayath Raj Instituitions.

In my opinion, the Financial Statements of Vandanmedu Gamapanchayath for the 2015-16, except the observations in my audit report, properly presents the picture of income and expenditure.

DEPUTY DIRECTOR